ഉത്തരം

(എ) 1507 പേർക്ക്.

(ബി) ജില്ലാ മുഖേന വന്ന പദ്ധതികളിൽ 13 എണ്ണം പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ളവ വിവിധഘട്ടങ്ങളിലാണ്. അതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കാൻ പദ്ധതി

3 [2130] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ഉത്തരം

സംസ്ഥാനത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകുന്ന ജീവനക്കാർക്കുവേണ്ടി ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതി (എസ്.എസ്.എൻ.പി.) സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് പുതിയ തൊഴിൽ കണ്ടെത്തുന്നതിനുള്ള ഗൈഡൻസ്, അതിനാവശ്യമായ പരിശീലനം മുതലായവ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനുപുറമെ പുനരുദ്ധാരണയോഗ്യമായ ചെറുകിട വ്യവസായങ്ങളെ ധനകാര്യസ്ഥാപനങ്ങളുടേയും സർക്കാരിന്റേയും സാമ്പത്തിക സഹായസഹകരണത്തോടെ പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾ ജില്ലാ വ്യവസായകേന്ദ്രങ്ങൾ, വാണിജ്യ വ്യവസായ ഡയറക്ടറേറ്റ് എന്നിവ വഴി നടത്തിവരുന്നുണ്ട്.

മെഴുകുതിരി നിർമ്മാണ കേന്ദ്രങ്ങൾ

4 [2131] ശ്രീ. സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന എത്ര വൻകിട-ചെറുകിട മെഴുകുതിരി നിർമ്മാണ കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ മെഴുകുതിരി ഉൽപ്പാദിപ്പിക്കുന്ന എത്ര വ്യവസായ സഹകരണ സംഘങ്ങൾ ഉണ്ട്;

(സി) ഈ വ്യവസായ സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നതെന്ന് അറിയിക്കാമോ;

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly